# Deepika

## 27 July 2018

## Kuttanad: Flood, Fails to open bund

# കുട്ടനാട്ടിൽ പ്രളയം രൂക്ഷമായിട്ടും തണ്ണീർമുക്കം ബണ്ട് തുറക്കാത്തത് വൻവീഴ്ച: രമേശ് ചെന്നിത്തല

**തിരുവനന്തപുരം:** കുട്ടനാട് പ്രളയത്തിൽ മുങ്ങിക്കിടക്കുമ്പോഴും വെള്ളം പുറത്തേക്ക് ഒഴുകിപ്പോകുന്നതിനു വേണ്ടി തണ്ണീർമുക്കം ബണ്ട് തുറന്നുകൊടുക്കാതിരിക്കുന്നത് വൻവീഴ്ചയാണെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല മുഖ്യമന്ത്രിക്ക് അയച്ച തുറന്ന കത്തിൽ കുറ്റപ്പെടുത്തി.

കഴിഞ്ഞ യുഡിഎഫ് സർക്കാരിന്റെ കാലത്തുതന്നെ തണ്ണീർമുക്കം ബണ്ടിന്റെ നവീകരണ പണികൾ മിക്കവാറും പൂർത്തിയാക്കിയിരുന്നു. പണി പൂർത്തിയായിട്ടും ബണ്ട് പ്രവർത്തനക്ഷമമാക്കാൻ കഴിയാത്തതു പ്രത്യേക ചില താത്പര്യങ്ങൾ കാരണമാണെന്നാണ് പുറത്തു വരുന്ന വിവരങ്ങൾ. ബണ്ടിന്റെ പഴയ മണൽചിറ പൊളിക്കുന്നത് സംബന്ധിച്ച തർക്കമാണ് ഒന്ന്.

കുട്ടനാട്ടിൽ വെള്ളപ്പൊക്കമുണ്ടായി ജനങ്ങൾ മരണവുമായി മല്ലടിക്കുമ്പോഴും മൺചിറയിലെ മണലിന്റെ ഉടമസ്ഥാവകാശത്തെച്ചൊല്ലി തർക്കിക്കുന്നത് കൊടും ക്രൂരതയാണ്. കരാറുകാരനാണോ, പഞ്ചായത്തിനാണോ മണലിന്റെ പണം കിട്ടേണ്ടത് എന്നതിനെച്ചൊല്ലി ഇപ്പോഴും തർക്കം നിലനിൽക്കുന്നു എന്നാണ് മനസിലാക്കുന്നത്. എത്ര നഷ്ടമുണ്ടായാലും ഒരു നിമിഷം പാഴാക്കാതെ മണൽചിറ മുറിച്ചു മാറ്റി കുട്ടനാട്ടിനെ പ്രളയത്തിൽ നിന്ന് രക്ഷിക്കേണ്ടതാണ് സംസ്ഥാനത്തെ ഭരണകൂടത്തിന്റെ കടമ.

ഇത്രയും വൈകി അവിടെ സന്ദർശിച്ച ജലവിഭവ മന്ത്രി മാത്യു ടി. തോമസ് പക്ഷേ ഇപ്പോഴും ലാഘവത്തോടെയാണ് കാര്യങ്ങൾ കാണുന്നത്. ഷട്ടറുകളിലെ ഇലക്ട്രിക്കൽ പണി പൂർത്തിയാക്കാതിനാലാണ് തുറക്കാൻ കഴിയാത്തതെങ്കിൽ യുദ്ധകാലാടിസ്ഥാനത്തിൽ അത് ചെയ്തു തീർക്കുകയല്ലേ വേണ്ടത്? അല്ലെങ്കിൽ താത്കാലിക സംവിധാനം ഒരുക്കണം. അല്ലാതെ ഇനിയും ടെൻഡർ വിളിച്ച് സർക്കാർ മുറപോലെ പണി തീർക്കാനാണ് ഭാവമെങ്കിൽ അപ്പോഴേക്കും കുട്ടനാട്ട് നശിച്ചു കഴിയും എന്ന് ഓർക്കണം.

തണ്ണീർമുക്കം ബണ്ടിന്റെ പണി പൂർത്തിയായെങ്കിലും ഉദ്ഘാടനത്തിന് മുഖ്യമന്ത്രിയുടെ തീയതിക്ക് വേണ്ടി കാത്തിരിക്കുന്നതിനാലാണ് ഷട്ടറുകൾ ഉയർത്താത്തതെന്ന് ആക്ഷേപവും പൊന്തിവന്നിട്ടുണ്ട്.

തന്റെ തീയതിക്കായി കാത്തുനിൽക്കണ്ട എന്നും, ബണ്ടിലെ ഷട്ടറുകൾ ഉടൻ തുറക്കണമെന്നും മുഖ്യമന്ത്രി നിർദേശിച്ചതായി ജലവിഭവ വകുപ്പ് മന്ത്രി വെളിപ്പെടുത്തിയിട്ടുണ്ട്. അത്രത്തോളം അത് നല്ല കാര്യം. പക്ഷേ മുഖ്യമന്ത്രിയുടെ തീയതിക്കായി ഇത്രയും ദിവസം കാത്തിരുന്നത് ശരിയാണോ എന്നും രമേശ് ചോദിച്ചു.

കുട്ടനാട്ടിലെ പ്രളയജലം കടലിലേക്ക് ഒഴുകിപ്പോകേണ്ട മറ്റൊരു മാർഗമായ തോട്ടപ്പള്ളി സ്പിൽവേയും ഇത്തവണ പ്രയോജനപ്പെട്ടില്ല. അവിടെയും സമയത്തിന് പൊഴി മുറിച്ചില്ല എന്ന പരാതിയാണുയരുന്നത്. വലിയ വീഴ്ചയാണ് ഇവിടെയും സംഭവിച്ചത്.

അതേ പോലെ എസി കനാലിലെ ചെളിയും എക്കലും നീക്കി ആഴം കൂട്ടി ജലത്തിന്റെ പുറത്തേക്കുള്ള ഒഴുക്ക് സുഗമമാക്കാനും കഴിയാതെ പോയി. കുട്ടനാട്ടിലെ മറ്റു തോടുകളും അടഞ്ഞു കിടക്കുകയാണ്. ആകപ്പാടെ നോക്കുമ്പോൾ മനുഷ്യ നിർമിതമായ ദുരന്തമാണോ കുട്ടനാട്ടിൽ സംഭവിച്ചതെന്ന് സംശയിക്കേണ്ടി വരും. എന്തുകൊണ്ടാണ് മഴ കുറഞ്ഞിട്ടും കുട്ടനാട്ടിലെ പ്രളയജലം പുറത്തേക്ക് പോകാതെ ദുരിതം വർധിപ്പിക്കുന്നതെന്ന കാര്യത്തിൽ ശാസ്ത്രീയവും സമഗ്രവുമായ അന്വേഷണം നടത്തേണ്ടതാണെന്നും രമേശ് ചെന്നിത്തല പറഞ്ഞു.